## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1655 — 11.02.2013 - ൽ മറുപടിയ്ക്ക്

### കുട്ടനാട് പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. കെ.പി. മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കുട്ടനാട് പാക്കേജ് സമയബന്ധിതമായി നടപ്പാക്കുന്നതിൽ സർക്കാരിന്റെ ഭാഗത്ത് എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;<br>(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ; | (എ) & (ബി) കുട്ടനാട് പാക്കേജ് സമയബന്ധിതമായി നടപ്പാക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് വീഴ്ച വന്നിട്ടില്ല.<br>കുട്ടനാട് പാക്കേജിന് പ്രത്യേക ബഡ്ജറ്റ് ശീർഷകമില്ല. പാക്കേജിൽ പ്രതിപാദിച്ചിട്ടുള്ള വിവിധ പ്രവർത്തികൾക്ക് വിവിധ വകുപ്പുകളുടെ നിലവിലുള്ള കേന്ദ്ര സ്കീമുകളിൽ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് അനുമതി ലഭിക്കുന്നത്. |
| (സി) പദ്ധതി നടത്തിപ്പിന്റെ ഏത് ഘട്ടം വരെ ഇതുവരെ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വിശദമാക്കാമോ; | (സി) കുട്ടനാട് പാക്കേജിൽ പ്രതിപാദിച്ചിട്ടുള്ള വിവിധ പ്രവർത്തികൾ 14 വകുപ്പുകൾ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. ഇറിഗേഷൻ വകുപ്പു മുഖേന 3669 കോടി രൂപയുടെ D.P.R കൾ തയ്യാറാക്കി സമർപ്പിച്ചതിൽ 771 കോടി രൂപയ്ക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്. ടി തുകയിൽ 92.32 കോടി റിലീസ് ചെയ്യുകയും 43.79 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ 2012 ലെ Schedule of Rates ന്റെ അടിസ്ഥാനത്തിൽ അനുമതിക്കായി സമർപ്പിച്ച ചില പുറം ബണ്ട് നിർമ്മാണ പ്രവർത്തികളുടെ എസ്റ്റിമേറ്റ് പുതുക്കി വരുന്നു.<br>കൃഷി, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, കാർഷിക സർവകലാശാല, മൃഗസംരക്ഷണം, മത്സ്യബന്ധനം, വനം, ടൂറിസം എന്നീ വകുപ്പുകൾ മുഖേന 238.26 കോടി രൂപയുടെ |

ഡി.പി.ആർ തയ്യാറാക്കി സമർപ്പിക്കുകയും ഇതിൽ 195.27 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടി തുകയിൽ നാളിതു വരെ 85.67 കോടി രൂപ റിലീസ് ചെയ്തിട്ടുള്ളതും 82.11 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പതിമൂന്നാം ധനകാര്യ കമ്മീഷൻ മുഖേന ലഭിച്ച 300 കോടി രൂപയിൽ 18 പദ്ധതികൾക്കായി 198.56 കോടി രൂപയ്ക്ക് SLEC അനുമതി നൽകുകയും ടി തുകയിൽ 53.38 കോടി റിലീസ് ചെയ്യുകയും, 15.63 കോടി രൂപ ചെലവഴിച്ചിട്ടുമുണ്ട്.

(ഡി) പദ്ധതി നടത്തിപ്പിനായി ഇതുവരെ എത്ര രൂപ ചെലവഴിച്ചു; എത്ര രൂപ അനുവദിച്ചു; വ്യക്തമാക്കാമോ ?

(ഡി) കുട്ടനാട് പാക്കേജിന്റെ പദ്ധതികളുടെ നടത്തിപ്പിനായി നാളിതുവരെ 1266.68 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ടി തുകയിൽ 231.37 കോടി രൂപ റിലീസ് ചെയ്യുകയും 141.53 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കുട്ടനാട് പാക്കേജിൻ കീഴിൽ ആകെ ജലസേചന വകുപ്പു മുഖേന 3669 കോടിയുടേയും കൃഷിയും മറ്റ് അനുബന്ധ വകുപ്പുകൾ മുഖേന 238.26 കോടിയുടേയും പതിമൂന്നാം ധനകാര്യ കമ്മീഷനു കീഴിൽ 300 കോടിയുടേയും ഡി.പി.ആറുകൾ സമർപ്പിക്കുകയും അതിൽ ജലസേചന വകുപ്പിന് 771 കോടി രൂപയുടെ ഡി.പി.ആറുകൾക്ക് അംഗീകാരം ലഭിച്ചു. കൃഷിയും മറ്റ് വകുപ്പുകൾക്കുമായി 195.27 കോടി രൂപയുടെ ഡി.പി.ആറുകൾക്ക് അംഗീകാരം ലഭിക്കുകയും പതിമൂന്നാം ധനകാര്യ കമ്മീഷനു കീഴിൽ 300 കോടി രൂപയ്ക്ക് അംഗീകാരം ലഭിക്കുകയും ചെയ്തു.

**സെക്ഷൻ ഓഫീസർ**